


# കലോത്സവം 2025--26


ജിയു.പി.എസ്.എലപ്പുള്ളി സ്കൂൾ കലോത്സവം
18/09/2025
സ്കൂൾ കലോത്സവം




ജി യു പി എസ് എലപ്പുള്ളിയിൽ 2025 26 അക്കാദമിക വർഷത്തിലെ സ്കൂൾ കലോത്സവം 18/ 9 /2025 വ്യാഴാഴ്ച




രാവിലെ ആറ് വേദികളിലായി
അരങ്ങേറി.മത്സരബുദ്ധിയോടെ തന്നെ കുട്ടികൾ

പരിപാടികളിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ നാല് ഹൗസായി- നീല,മഞ്ഞ, ചുവപ്പ് , പച്ച എന്ന് തിരിച്ചാണ് മത്സരങ്ങൾ നടത്തിയത്.



വേദി .ഒന്ന് രാഗത്തിൽ 9 30 ന് തന്നെ കലോത്സവത്തിന് തിരി തെളിഞ്ഞു. പ്രാർത്ഥനയോടുകൂടി പരിപാടികൾ ആരംഭിച്ചു



സീനിയർ അധ്യാപിക ശ്രീമതി ശ്രീലത ടീച്ചർ സ്വാഗതം പറഞ്ഞു.



പ്രധാന അദ്ധ്യാപകൻ ശ്രീ ബാലകുമാർ സർ വിളക്ക് തെളിയിച്ച് ഉദ്ഘാടനം ചെയ്തു.





പിടിഎ പ്രസിഡണ്ട് ശ്രീ പ്രദീപ് അവർകൾ അധ്യക്ഷനായി.




എസ് ആർ ജി കൺവീനർ ശ്രീ കണ്ണൻ സർ, പി ടി എ വൈസ് പ്രസിഡൻ്റ്
ശ്രീ.ബാബു




എന്നിവർ ആശംസകൾ അറിയിച്ചു . തുടർന്ന് വേദി 1 രാഗത്തിൽ രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും അകമഴിഞ്ഞ അനുഗ്രഹാശിസ്സുകളോടു കൂടി കുട്ടികളുടെ

# നാടോടിനൃത്തം



,

# ഭരതനാട്യം






# സംഘനൃത്തം






, ഒപ്പന ,



# തിരുവാതിര





എന്നീ മത്സരങ്ങൾ അരങ്ങേറി.

മികച്ച പ്രകടനം കാഴ്ചവെച്ച് ഓരോ വിദ്യാർത്ഥികളും മുന്നിട്ടുനിന്നു .രക്ഷിതാക്കളുടെ അകമഴിഞ്ഞ സഹകരണവും പ്രോത്സാഹനവും കൊണ്ട് ഓരോ പരിപാടികളും മിഴിവാർന്നതായി തീർന്നു.

വേദി രണ്ടിൽ ഗ്രൂപ്പിനങ്ങളായ
ദേശഭക്തിഗാനം,



# സംഘഗാനം



ഇംഗ്ലീഷ്സ്കിറ്റ്  ,



മലയാളനാടകം



എന്നീ മത്സരങ്ങളും അരങ്ങേറി തുടർന്ന് വേദി മൂന്ന് പല്ലവിയിൽ അക്ഷരശ്ലോകം,




# മോണോ ആക്ട്






കഥാപ്രസംഗം,



# ലളിതഗാനം



ശാസ്ത്രീയ സംഗീതം,മാപ്പിളപ്പാട്ട്



എന്നീ മത്സരങ്ങളും അരങ്ങേറി.

സ്റ്റേജ് നാല് ശ്രുതിയിൽ  പ്രസംഗം മലയാളം,




പ്രസംഗം ഹിന്ദി,



പ്രസംഗം ഇംഗ്ലീഷ്



പ്രസംഗം തമിഴ്,   എന്നീ മത്സരങ്ങളും




പദ്യം ചൊല്ലൽ ഉറുദു



# പദ്യം ചൊല്ലൽ

കന്നട,




പദ്യം ചൊല്ലൽ അറബി,



പദ്യം ചൊല്ലൽ മലയാളം,,




പദ്യം ചൊല്ലൽ ഇംഗ്ലീഷ്



എന്നീ മത്സരങ്ങളും അരങ്ങേറി.

സ്റ്റേജിതര മത്സരങ്ങളായ ചിത്രരചന പെൻസിൽ



ചിത്രരചന വാട്ടർ കളർ



എന്നിവ സ്റ്റേജ് അഞ്ച് "ലയം" ത്തിൽ വച്ചും ,

കഥാരചന മലയാളം
കവിതാരചന മലയാളം
ഹിന്ദി കഥാരചന എന്നീ മത്സരങ്ങൾ സ്റ്റേജ് ആറ് വിപഞ്ചികയിലുമായി



നടന്നു.സമാപനസമ്മേളനത്തിൽ..കലോത്സപരിപാടികളിൽ
വിജയികളായവർക്ക് സമ്മാനം നൽകി ആദരിച്ചു






പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും ആശംസ
അറിയിച്ചു ഏറ്റവും ഒടുവിൽ  കലോത്സവം
കൺവീനറായ ശ്രീമതി ഐശ്വര്യ ടീച്ചർ




പരിപാടിയിൽ പങ്കെടുത്തവർക്കും,കുട്ടികൾക്ക് എല്ലാവിധ പിന്തുണയും നൽകി കൂടെ നിന്ന രക്ഷിതാക്കൾക്കും മറ്റെല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് പരിപാടികൾക്ക് സമാപനം കുറിച്ചു.

.................... ശുഭം............